# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.620** **29/06/2015-ൽ മറുപടിക്ക്**

**ടെക്നോപാർക്കിൽ സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര കമ്പനികൾ തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നു എന്നറിയിക്കുമോ; | (എ) | 7 കമ്പനികൾ. |
| (ബി) | ടെക്നോപാർക്കുകളിൽ സംസ്ഥാന ഐ .ടി. വകുപ്പിന്റെ ചുമതലയിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്ത് ; | (ബി) | ടെക്നോപാർക്കിൽ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്ഥലലഭ്യത അനുസരിച്ചും, ടെക്നോപാർക്കിന്റെ പദ്ധതി നിർവ്വഹണ സമിതി (PIB) അംഗീകരിച്ചിട്ടുള്ള വാടക, സെക്യൂരിറ്റി നിക്ഷേപം, കമ്പനികൾ പാലിക്കേണ്ട വ്യവസ്ഥകൾ, നിലവിലുള്ള നിയമങ്ങൾ, സർക്കാർ മാനദണ്ഡങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കരാർ ഉടമ്പടിയ്ക്ക് വിധേയമായും ഭൂമി/സ്ഥലം അനുവദിക്കുന്നുണ്ട്. |
| (സി) | ടെക്നോപാർക്കുകളിൽ സ്വകാര്യ കമ്പനികൾക്കുവേണ്ടി മാത്രം സ്ഥലം നൽകുന്ന നിലവിലുള്ള രീതി തുടരാതെ സർക്കാർ/ പൊതുമേഖലാ ഐ.ടി. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിൽ എന്തെല്ലാം തടസ്സങ്ങൾ നിലവിലുണ്ട് ; | (സി) & (ഡി) | ടെക്നോപാർക്കിൽ സ്വകാര്യകമ്പനികൾക്കുവേണ്ടി മാത്രമല്ല സ്ഥലം നൽകി വരുന്നത്. പൊതുമേഖല സ്ഥാപനങ്ങൾ ഉൾപ്പെടെ കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേതുമായി ഇതുവരെ ഏശദേശം 20 സ്ഥാപനങ്ങൾക്ക് ടെക്നോപാർക്ക് ഭൂമി, സ്ഥലം എന്നിവ നൽകിയിട്ടുണ്ട്.<br>സർക്കാർ /പൊതുമേഖല ഐ.ടി. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അവ ആവശ്യപ്പെടുന്ന വിസ്തീർണ്ണത്തിൽ പ്രത്യേക സാമ്പത്തിക മേഖലയിൽ അല്ലാത്ത സ്ഥലത്തിന്റെ (Non SEZ) ലഭ്യതക്കുറവ് മാത്രമാണ് ഒരു തടസ്സമായി നിലവിലുള്ളത്. |
| (ഡി) | സർക്കാർ ഉടമസ്ഥതയിലുള്ള ടെക്നോപാർക്കുകളിൽ പൊതുമേഖലാ/സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ